## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 435

02.12.2014- ലെ മറുപടിക്ക്

**സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ വകുപ്പിൻ കീഴിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; | (എ) 1969 ലെ കേരള സഹകരണ സംഘം നിയമത്തില വകുപ്പ് 6,7 ചട്ടം 3,4 എന്നിവ പ്രകാരമുള്ള നടപടി ക്രമങ്ങൾ അനുസരിച്ചാണ് സംഘങ്ങൾ രജിസ്റ്റർ ചെയതിരിക്കുന്നത്,<br>ഫോറം നമ്പർ 1 ൽ രണ്ടു കോപ്പിയായി ചുവടെ ചേർക്കുന്നവ സഹിതം സംഘം രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.<br>1. നിർദ്ദിഷ്ട ബൈലായുടെ 3 പകർപ്പ്<br>2. നിർദ്ദിഷ്ട സംഘത്തിന്റെ പേർക്ക് ബാങ്കിലുള്ള തുക സംബന്ധിച്ച സർട്ടിഫിക്കറ്റ്<br>3. ഓഹരി മൂലധനം നൽകിയിട്ടുള്ളവരുടെ പേരും ഓരോരുത്തരും നൽകിയ ഓഹരി മൂലധനം , പ്രവേശന ഫീസ് എന്നീ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ്.<br>4. സംഘത്തിന്റെ നിർദ്ദിഷ്ട ബിസിനസ്സിന്റെ ഭദ്രത ഉറപ്പാക്കുന്ന പദ്ധതി.<br>5. രജിസ്ട്രാർ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങളും രേഖകളും.<br>അപേക്ഷകർ വ്യക്തികളാണെങ്കിൽ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട 25 പേർ വേണ്ടതും ഓരോരുത്തരും അപേക്ഷ ഒപ്പിടേണ്ടതുമാണ്. രജിസ്റ്റർ ചെയ്യപ്പെടേണ്ട സംഘത്തിലെ ഏതെങ്കിലും അംഗം മറ്റൊരു രജിസ്റ്റേർഡ് സംഘാംഗമാണെങ്കിൽ അപേക്ഷയിലും, ബൈലോയിലും ഒപ്പിടുന്നതിന് ടിയാനെ അധികാരപ്പെടുത്തികൊണ്ടുള്ള സംഘം ഭരണസമിതി തീരുമാനം ഉള്ളടക്കം ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യപ്പെടേണ്ട ഒരു സംഘത്തിലെ ഏതെങ്കിലും അംഗം നിയമാധിഷ്ഠിതമായോ അല്ലാത്തതോ ആയ ഒരു സമിതിയോ, കമ്മിറ്റിയോ, കോർപ്പറേഷനോ ആണെങ്കിൽ രജിസ്ട്രേഷനുള്ള അപേക്ഷയിലും, ബൈലോയിലും ഒപ്പു വയ്ക്കുന്നതിന് പ്രസ്തുത സ്ഥാപനം ഏതെങ്കിലും ഒരു വ്യക്തിയെ അധികാരപ്പെടുത്തേണ്ടതും, അപ്രകാരം അംഗീകാരം നൽകി കൊണ്ടുള്ള തീരുമാനത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം വച്ചിരിക്കേണ്ടതുമാണ്. |

അപേക്ഷ രജിസ്ട്രാർക്ക് രജിസ്റ്റേർഡ് തപാലിലോ, ഓഫീസിൽ നേരിട്ടോ എത്തിക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം അപേക്ഷ ഫീസിനിത്തിൽ 500/ രൂപ ഒടുക്കിയതിന്റെ ചെലാൻ രസീതും നൽകേണ്ടതാണ്. സ്കൂൾ വനിതാ എസ്.സി/എസ്.റ്റി സംഘങ്ങളാണെങ്കിൽ 50/ രൂപ മതിയാകും.

ബി) സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നും ലഭ്യമാകുന്ന സൗജന്യങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്, ഗഹാൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവയും, സംസ്ഥാന വാർഷിക പദ്ധതി പ്രകാരം വിവധ പദ്ധതികളിലായി സർക്കാർ ഓഹരി മൂലധനം, സബ്സിഡി വായ്പ എന്നീ ഇനങ്ങളിൽ ധനസഹായവും, പദ്ധതിയേതര ഇനങ്ങളിലായി വിവിധ സബ്സിഡികൾ എന്നിവയും ലഭിക്കുന്നുണ്ട്.

സി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(സി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പുതുതായി 1,485 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 242 |
| കൊല്ലം | 105 |
| പത്തനംതിട്ട | 37 |
| ആലപ്പുഴ | 37 |
| കോട്ടയം | 60 |
| ഇടുക്കി | 49 |
| എറണാകുളം | 99 |
| തൃശ്ശൂർ | 135 |
| പാലക്കാട് | 103 |
| മലപ്പുറം | 114 |
| കോഴിക്കോട് | 183 |
| വയനാട് | 25 |
| കണ്ണൂർ | 185 |
| കാസർഗോഡ് | 87 |

സംസ്ഥാനം ആകെയോ ഒന്നിൽ
കൂടുതൽ ജില്ലകളോടേയോ
പ്രവർത്തനപരിധി നിശ്ചയിച്ച്
രജിസ്റ്റർ ചെയ്തിട്ടുള്ളവ } 24

**ആകെ 1,485**

**സെക്ഷൻ ഓഫീസർ**